# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## സിനഡ് പിതാക്കന്മാരെ പിടിച്ചുകുലുക്കി ഒരു കത്ത്



റോം, ഇറ്റലി: സിനഡ് പിതാക്കന്മാർ നടത്തുന്ന എല്ലാ വാഗ്വാദങ്ങളെക്കാളും കൂടുതലായി അവരെ ഇരുത്തി ചിന്തിപ്പിച്ച ഒരു കത്തിനെപ്പറ്റിയാണ് ഈ വാർത്ത. കത്തോലിക്കാ സഭയിലേക്ക് മടങ്ങിവന്ന 100 പ്രശസ്തരായ വ്യക്തികൾ ഒപ്പിട്ട ഒരു രേഖ കഴിഞ്ഞ ദിവസം സിനഡ് പിതാക്കന്മാർക്കും പരിശുദ്ധ പിതാവിനും ലഭിക്കുകയുണ്ടായി. പ്രശസ്ത എഴുത്തുക്കാരനും വാഗ്മിയുമായ സ്കോട്ട് ഹാൻ, ജോൺ ഫിന്നിസ്, 'ദ ത്രിൽ ഓഫ് ദ ചേയ്സ്' എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ രചയിതാവും ബ്രിട്ടീഷ് ബയോ എത്തിസിസ്റ്റുമായ ഡോൺ ഈഡൻ, ടെക്സസ് സർവ്വകലാശാല പ്രൊഫസർ മാർക് റെജെനേറുസ് തുടങ്ങിയവർ ഉൾപ്പെടുന്ന സമൂഹമാണ് കത്ത് തയ്യാറാക്കിയത്.കത്തോലിക്കാ സഭയ്ക്ക് പുറത്തായിരുന്നപ്പോൾ തങ്ങൾ ഇവിടെ കണ്ടെത്തിയ പവിഴങ്ങളെക്കുറിച്ചുള്ള വിചിന്തനമാണിത്. അതുപോലെ, കത്തോലിക്കാ സഭയിൽനിന്ന് വിഭിന്നമായി പഠിപ്പിച്ച സമൂഹങ്ങൾക്ക് സംഭവിച്ച അപചയത്തിന്റെ നേർക്കാഴ്ചകളും.

കത്തിന്റെ ഉള്ളടക്കം ചുരുക്കത്തിൽ;"കത്തോലിക്കാ സഭയിലേക്ക് തങ്ങൾ മടങ്ങിവന്നത് ഇവിടെ വിവാഹത്തെക്കുറിച്ചും കൂദാശകളെക്കുറിച്ചും അങ്ങനെ പലവിധ വിഷയങ്ങളെക്കുറിച്ചും കറയില്ലാത്തവിധം പഠിപ്പിക്കുന്നതുകൊണ്ടുകൂടിയാണ്. മാത്രമല്ല, മുമ്പ് ഞങ്ങൾ ആയിരുന്ന സഭാവിഭാഗങ്ങളിൽ സ്വവർഗവിവാഹം, വിവാഹമോചനം തുടങ്ങിയവ അനുവദിക്കപ്പെട്ടപ്പോൾ അവിടെ തകർച്ചകൾ ആരംഭിക്കുകയും കത്തോലിക്കാ സഭയിൽ യഥാർത്ഥ സത്യമുണ്ടെന്ന് അനുഭവത്തിലൂടെ പഠിക്കുകയും ചെയ്തവരാണ് ഞങ്ങൾ...ലോകം പറയുന്നത് കേട്ട് ഞങ്ങൾ ആയിരുന്ന മുൻ സഭാസമൂഹങ്ങൾ വിശ്വാസപഠനങ്ങളിൽ മാറ്റം വരുത്തി. സ്വാതന്ത്ര്യവും സമത്വവുമാണ് വേണ്ടതെന്ന് ഞങ്ങളിൽ പലരും അന്ന് വിചാരിച്ചു. സ്ത്രീപൗരോഹിത്യം അനുവദിച്ചു., ഭ്രൂണഹത്യയെ ന്യായീകരിച്ചു, സ്വവർഗവിവാഹത്തെ അനുകൂലിച്ചു, വിവാഹമോചനത്തിൽ വിട്ടുവീഴ്ച വരുത്തി...അങ്ങനെ ഞങ്ങൾ അവിടെ അടിസ്ഥാനപരമായി തകർക്കപ്പെടുന്നത് കണ്ടു. അവിടെനിന്ന് നോക്കിയപ്പോൾ കത്തോലിക്കാ സഭ ശക്തമായി വളരുന്നു. ഇവിടെ സത്യമുണ്ടെന്ന് ഞങ്ങൾക്ക് മനസിലായി. അതിനാൽ സിനഡ്

പൂർത്തിയാകുമ്പോൾ ഞങ്ങൾക്ക് മുമ്പ് പറ്റിയ അബദ്ധങ്ങൾ ഇവിടെ ഉണ്ടാവരുത്. സഭ എല്ലാക്കാലത്തും സത്യത്തിനൊപ്പം നിൽക്കണം. ഈ ഓർമ്മപ്പെടുത്തലും അപേക്ഷയും സ്വീകരിക്കണം."

"കത്തോലിക്കാ സഭയുടെ പഠനങ്ങൾ ജനകീയമായിരുന്നെങ്കിലും അവ ഞങ്ങളെ ആകർഷിച്ചു. ജനകീയ തീരുമാനങ്ങളുടെ പരിണിതഫലവും നാശങ്ങളും ഞങ്ങൾ കണ്ടു. സത്യത്തിനും നീതിക്കും മനോഹാരിതയുണ്ടെന്ന് ഞങ്ങൾ കണ്ടത് കത്തോലിക്കാ സഭയിൽ നിന്നാണ്. ലൈംഗികതയ്ക്കുള്ള ലൈസൻസിനെ മനുഷ്യാവകാശത്തിനൊപ്പം ഉയർത്തിപ്പിടിക്കുന്ന ലോകമാണിത്. അതിന്റെ വാക്കുകൾക്ക് സഭ ചെവികൊടുക്കരുത്. തെറ്റുപറ്റിപ്പോയ അനുഭവസ്ഥരുടെ വാൾക്കുകൾ കേൾക്കുവാൻ മനസുണ്ടാകണം."

യഹൂദനായിരുന്ന ഈഡൻ തന്റെ അനുഭവത്തിൽനിന്നുമാണ് കത്തിന്റെ ഒരു ഭാഗം തയ്യാറാക്കിയിരിക്കുന്നതും."മാതാപിതാക്കളുടെ വിവാഹമോചനത്തിന്റെയും ചെറുപ്പത്തിലെ വലിച്ചിഴയ്ക്കപ്പെട്ട ലൈംഗിക ചൂഷണത്തിന്റെയും ബാക്കിപത്രമായിരുന്നു എന്റെ ജീവിതം. എന്നാൽ ഞാൻ സഭയിലേക്ക് വരുവാൻ ഒരു കാരണമുണ്ട്. കത്തോലിക്കാ സഭ പഠിപ്പിക്കുന്ന കാര്യങ്ങൾ എന്റെ കുടുംബം പാലിച്ചിരുന്നെങ്കിൽ എന്റെ ജീവിതത്തിൽ സംഭവിച്ചവ ഒരിക്കലും സംഭവിക്കുമായിരുന്നില്ല എന്ന ബോധ്യം എനിക്കുണ്ട്."

സ്വവർഗ്ഗലൈംഗിക ബന്ധങ്ങളുടെ അതിപ്രസരത്തിൽനിന്ന് സഭാപഠനങ്ങളുടെ സഹായത്താലും പ്രാർത്ഥനയുടെ ശക്തിയാലും രക്ഷപ്പെട്ട ഡേവിഡ് പ്രോസണെപ്പോലുള്ളവർക്കും ഏറെ പറയാനുണ്ട്. സ്വവർഗ്ഗലൈംഗിക ബന്ധത്തിനുള്ള താല്പര്യം ജീവിതത്തിലലിഞ്ഞുചേർന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ കത്തോലിക്കാ വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ഫലദായകത്വം ഉപയോഗപ്പെടുത്തുന്ന വലിയൊരു സംഘടനയുടെ തലവൻ കൂടിയാണ് അദ്ദേഹം. കത്തോലിക്കാ സഭ ഇപ്പോൾ പഠിപ്പിക്കുന്നത് സത്യമാണെന്നും അതിൽ തെല്ലിടപോലും വ്യത്യാസം വരുത്തേണ്ടതില്ലെന്നും അനേകരുടെ അനുഭവത്തിൽനിന്ന് അദ്ദേഹവും പറയുന്നു.

"ഫ്രാൻസിസ് പാപ്പയും സിനഡ് പിതാക്കന്മാർക്കുള്ള തുറന്ന കത്ത്."എന്ന ശീർഷകത്തോടുകൂടി വത്തിക്കാനിലെത്തിയിരിക്കുന്ന ഈ കത്ത് ഇതിനോടകം ലോകശ്രദ്ധയാകർഷിച്ചു കഴിഞ്ഞു."ക്രിസ്തു വിഭാവനം ചെയ്ത വിവാഹത്തിന്റെ അലംഘനീയതയും ചരിത്രത്തിൽ കത്തോലിക്കാ സഭ ഉയർത്തിപ്പിടിച്ച ധൈര്യപൂർവ്വമുള്ള സാക്ഷ്യവും" മാറ്റപ്പെടരുതെന്നാണ് കത്തിന്റെ ഉള്ളടക്കം.